3600
E 538

# കാവ്യകൌമുദി.

കൂത്താട്ടുകുളം മേരിജോൺ.

Malayalam Daily News Book Depot,
KOTTAYAM.

1110.

*All Rights Reserved.*

വില അണ 6.

# മുഖവുര.

ഞാൻ പലപ്പോഴായി എഴുതിയിട്ടുള്ള ഖണ്ഡകൃതികളിൽ പന്ത്രണ്ടെണ്ണം ചേർന്നാണ് ഇപ്പോഴം ഈ കാവ്യകൌമുദിയായി രൂപാന്തരപ്പെട്ടിരിക്കുന്നതു്. അന്വർത്ഥവും പ്രോത്സാഹജനകവുമായ ഒരു അവതാരികയാൽ 'കാവ്യകൌമുദി'യെ അലങ്കരിച്ച അനുഗൃഹീതനായ ആ കൈരളീഭക്തൻ, 'മഹാകവി ഉള്ളൂർ' അവർകളോട്ട് എനിക്കുള്ള അകൈതവമായ കൃതജ്ഞത ഈയവസരത്തിൽ രേഖപ്പെടുത്തി കൊള്ളട്ടെ.

'കൌമുദി'യുടെ അവതാരകഥയെ പ്പറ്റി ഇതിലധികമായി ഒന്നും പറയേണ്ടതായി ഇല്ലാത്തതിനാൽ, അതിന്റെ പ്രസിദ്ധീകരണത്തിൽ വേണ്ടവിധം സഹകരിച്ച എല്ലാവർക്കും വിശിഷ്യ ശ്രീരാമവിലാസം പ്രസ്സുകാർക്കും നന്ദിപറഞ്ഞുകൊണ്ടു് എന്റെ സാഹിത്യ സംരംഭങ്ങളിൽ മൂന്നാമത്തേതായ ഈ കാവ്യത്തെയും സഹൃദയ കരങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം.
26—1—1110.

ഗ്രന്ഥകർത്രി.

# അവതാരിക.

---

ശ്രീമതി ക്രൂത്താട്ടുകുളം മേരിജോണിൻെറ മററൊരു കാവ്യഗ്രന്ഥമാണ് ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന "കാവ്യകൌമുദി." ഈ ഗ്രന്ഥത്തിൽ സംസ്കൃതവൃത്തത്തിലുള്ള ഒന്നും, വിവിധദ്രാവിഡവൃത്തങ്ങളിലുള്ള പതിനൊന്നും, അങ്ങനെ പന്ത്രണ്ടു ഖണ്ഡകൃതികൾ അടങ്ങിയിട്ടുണ്ട്. ശ്രീമതി മേരിജോൺ ഭാവനാകുശലയായ ഒരു കവയിത്രിയാണെന്ന് ഇതിനു മുൻപുതന്നെ തൻെറ ഇതരകൃതികളെക്കൊണ്ടു തെളിയിച്ചിട്ടുണ്ട്. ആ യശസ്സ് പ്രസ്തുത കൃതിമൂലം വദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. 'ഞാൻ' 'പ്രേമമാഹാത്മ്യം' 'ശാശ്വതശാന്തി' മുതലായ ആത്മീയഗീതങ്ങൾ ഏററവും ഹൃദ്യങ്ങളായിരിക്കുന്നു. 'ചാത്ത' എന്ന സമുദായോദ്ധാരണപരമായ കൃതിയും നന്നായിട്ടുണ്ട്.

"മണ്ണിനെവിണ്ണാക്കുന്ന മഞ്ജുളപ്രദീപമെ!  
സുന്ദരസുകുമാരസ്വരൂപമെ! നീ  
സന്തതംവിളങ്ങുകെൻ സ്വാന്തമാംവിഹായസ്സിൽ  
വെൺകുളിർക്കതിർതൂകും ശശാങ്കനായി"  
"നീണ്ടുചുരുണ്ടു യഥേഷ്ടംവളരും കാർ-  
കുന്തലിലാരാമാഗന്ധവാഹൻ  
ചാലെയൊളിച്ചുകളിക്കുന്നതാധ്യാന-  
ലോലനശേഷമറിയുന്നില്ല."

ഇത്യാദി ഭാഗങ്ങളിൽ പ്രകൃഷ്ടമായ രചനാഗുണവും കാണ്മാനുണ്ട്. ശബ്ദത്തേയും അർത്ഥത്തേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ അർത്ഥത്തിനനുഗുണമായ ശബ്ദം ചില ഘട്ടങ്ങളിൽ ഇല്ലെന്നു തോന്നത്തക്കവണ്ണം അർത്ഥം അത്രമാത്രം ഉൽകർഷത്തെ പ്രാപിച്ചിട്ടുണ്ട്. സ്ഥിരമായി പരിശ്രമിച്ചാൽ ശബ്ദത്തേയും അർത്ഥത്തിന്റെ സ്ഥാനത്തിൽ എത്തിക്കുവാൻ ഈ കവയിത്രിക്ക് പ്രയാസമുണ്ടാകുന്നതല്ലെന്ന് കാണിക്കുന്നതിനാണ് ഞാൻ ഏതാനും വരികൾ മുൻപ് ഉദ്ധരിച്ചതു്. 'മറയുന്നതികാമ്യ' 'ജന്മമീവിധം പോകുന്നൊരുവിധം' ഈ വരികളിൽ കാണുന്ന സന്ധിവൈകല്യം വിശിഷ്യ പരിഹരണീയമാണ്.

ശ്രീമതി മേരിജോണിന്റെ കവിതയ്ക്കു് ഒന്നിനൊന്ന് അഭിനന്ദനീയമായ കയററമാണുള്ളതെന്നുള്ള എന്റെ അഭിപ്രായത്തോട്ട് സഹൃദയന്മാർ യോജിക്കാതിരിക്കയില്ല. സാഹിത്യപഥത്തിൽ പ്രോത്സാഹനാർഹയായ ഈ സഹോദരിക്ക് സകല വിജയങ്ങളും ആത്മാർത്ഥമായി ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം. 25-1-110.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ (ഒപ്പു്)

# വിഷയവിവരം.


1. സ്വാഗതഗാനം.
2. ഗതസെമനാതോട്ടത്തിൽ.
3. കൈരളീസ്തോത്രം.
4. ഞാൻ.
5. പ്രേമമാഹാത്മ്യം.
6. ഭരതാവനി.
7. പള്ളിക്കെട്ടു മംഗളാശംസ.
8. ശാശ്വതപ്രശ്നം.
9. അതിന്റെശിക്ഷ.
10. കാശ്യപാശ്രമത്തിലെ ശകുന്തള.
11. "ചാത്ത".
12. ശാശ്വതശാന്തി.



3600
E.538
S.K.V.
Malayinkeel

# കാവ്യകൗമുദി.

## സ്വാഗതഗാനം.

(മാകന്ദമഞ്ഞ്ജരി)

വെൺപുകഴ് പൂവൊളിപൊന്തിച്ചുഭാരത--
മെമ്പാടുംതൻ പേരുയർന്നശേഷം,
വഞ്ചിസിംഹാസനേ ചെങ്കോലണിയുമ--
ത്തങ്കക്കരങ്ങൾക്കുടയവനെ!
കാമസുകുമാര! സോമബിംബാനന!
രാമവർമ്മാഭിധ! മേദിനീശ!
"അംഭോനിധീതടവെൺമണൽത്തട്ടിലായ്
പൊൻപദത്താരിണചേർത്തുകൊണ്ടും,
പച്ചവിരിപ്പേലും സഹ്യനിൽ തൻതല
വെച്ചും"വിജയിച്ചരുളും ദേവി--
വഞ്ചിവസുധയാം മാതാവു— തൻസുത-
സഞ്ചയം പത്തൊൻപതബ്ദംമുന്നേ
ഏതുനരവരബാലഭാനൂദയം
ചേതോഹരം കണ്ടുകൺകുളിർത്തു?
ഏതിലും പൊന്നൊളിയാശാകിരണങ്ങൾ
വീശിയീവഞ്ചിഭൂവാസികളിൽ?

---

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സ്ഥാനാരോഹണ
മഹോത്സവദിനത്തിൽ സമർപ്പിച്ച സ്വാഗതഗാനം.

ആരുടെജന്മർക്ഷം പാടിപ്പുകഴ്ത്തുന്നു
കേരളത്തിൽ കവികോകിലങ്ങൾ?,
അമ്മഹൽജ്യോതിസ്സാമങ്ങയിൽ ഞങ്ങൾക്കു--
ള്ളിംഗിതസിദ്ധിയടങ്ങിനിൽപ്പൂ.
ഭൂലോകസ്വർഗ്ഗമാം "കമ്മഭൂ" വാഴുന്നൊ--
രാരാമംനമ്മുടെ പുണ്യഭൂമി—
രത്നസമ്പന്നയാം ഭാരതംചൂടുന്ന
രത്നമകുടമീവഞ്ചിഭൂമി—
കൈതവഹീനം പ്രകൃതിമഹേശി, തൻ
വൈഭവമെല്ലാം തെളിച്ചഭൂമി—
ഇന്ദിരാശാരദാദേവിമാർ നൃത്തത്തി-
നൊന്നിച്ചുകൂട്ടും മനോജ്ഞരംഗം—
വഞ്ചിഭൂ—നമ്മുടെജന്മഭൂ—സർവ്വഥാ,
സഞ്ചിതൈശ്വര്യസമ്പൂർണ്ണഭൂമി;
വിദ്യാവിശാരദനങ്ങുമഹാശയൻ,
സ്വപ്രജാവത്സലൻ, രാജ്യഭക്തൻ;
ധന്യനാമങ്ങേ വിനീതപ്രജകളി--
ന്നന്യാദൃശരാജഭക്തിയുള്ളോർ;
രാജ്യമേവംവിധം രാജാവുമിങ്ങനെ
ഭാഗ്യമിനി ഞങ്ങൾക്കെന്തുവേണ്ടു?

ii

(അമ്പിളിഅമ്മാവ)

മാനുഷജന്മമെല്ലാം—ഒരുപോലെ
മന്നിലുൽകൃഷ്ടം,മെന്നാൽ

കൃത്യമായ് സ്വന്തധർമ്മം—നിറവേററും
മർത്ത്യനേ മർത്ത്യനാകൂ.

സ്വപ്രജാസഞ്ചയത്തിൻ—സുഖത്തിനാ--
യെപ്പൊഴും തൻെറസൌഖ്യം

സന്ത്യജിക്കും നരേന്ദ്രൻ—യഥാത്ഥത്തിൽ
കീത്തനീയൻ നൃപേന്ദ്രൻ.

സ്വാമിക്കായ് പ്രാണനേയും—ഉപേക്ഷിച്ചും
വീതശങ്കംസ്വകൃത്യം

മാനമായ് നിർവ്വഹിക്കാൻ—മടിക്കാത്ത
പൌരനേപൌരനാകൂ.

മംഗലാത്മൻ! ഭവാനും—പ്രജകളാം
ഞങ്ങളും സ്വസ്വധർമ്മം

നിർവ്വഹിച്ചിവിധത്തിൽ—നമുക്കൊരു
ധർമ്മരാജ്യം ചമയ്ക്കാം.

സേവകൈക്ക്ളലിയാദി—ഭരണത്തിൻ
ചാതുര്യ്യം ഭഗ്നമാക്കും

ദോഷബീജാങ്കുരങ്ങൾ— മഹാമതേ
ബാധിയാതിദ്ധരയെ,

ജാതിമാത്സര്യമാദി—സമുദായ--
മൈത്രിയെ ഭിന്നമാക്കും

നീചമാമാചാരങ്ങൾ—തീണ്ടാതെയി
നാടിനെ യോജിപ്പിച്ചും,

നാട്ടിനതകിടാത്ത—ജനങ്ങളെ
യൊട്ടനേകം ചമയ്ക്കും
ക്ലിഷ്ടതയേറിടുന്ന—വിദ്യാഭ്യാസ--
പദ്ധതിസംസ്കരിച്ചും,
ആദർശരൂപമായ—പരിശുദ്ധ
ജീവിതം സ്വീകരിപ്പാൻ
പോരും വിധത്തിലേററം—വിശാലമാ--
മാശയമുള്ളവരായ്--
ദാരിദ്ര്യസങ്കടത്തിൽ—അനുദിന--
മാഴുന്നമാതൃഭൂവെ
പാണിയുഗങ്ങൾ നീട്ടി—കരയേററാൻ
ത്രാണിയേലുന്നവരായ്—
സ്വാശ്രയശീലരായ—സുവാക്കളാം
പൂജ്യപൌരാവലിയാൽ
രാജ്യമലങ്കരിക്കാൻ—ഉതകുന്ന
വിദ്യാലയങ്ങൾ തീർത്തും,
സ്വോദമുക്താഫലങ്ങൾ—നിരന്തരം
തൂകിയും വഞ്ചിഭൂവിൽ
കാഞ്ചനം വേണ്ടപോലെ—വിളയിക്കും
കർഷകരെത്തുണച്ചും,
സമ്പത്ത് സമൃദ്ധമാകും—വേണാടിൻെറ
സാമ്പത്തിക സ്ഥിതിയെ

സന്തതം കാന്ത്യുപോരും—വ്യവസായ
മൈത്ര്യം പോഷിപ്പിച്ചും;
രാമവമ്മാഭിധയോ—ടടിയങ്ങൾ
മാനസെപല്ലീകൊള്ളും

മന്നവൻ ധമ്മരാജ്യം—ഭരിക്കുന്ന
'സ്വണ്ണകാലം' വരട്ടെ!!
ഉത്തമഭൂമിപൻെറ—പരിപൂണ്ണ
ലക്ഷണമൊട്ടുനാളായ്
ചിത്തിരതാരജനാം—തിരുമേനി
ഗഭശ്രീമാൻ വഹിപ്പൂ.

ചേതസ്സമാകർഷകം—ഭവദീയ
വീരോചിതമാംഗതി
മന്നവാ! കണ്ടു, കണ്ടു—കുളുത്തവി-
ലോചനമാന്നഞങ്ങൾ—

നിമ്മലകാന്തിചിന്തും—തദാനനം
ചാരുമന്ദസ്മിതാഭം
ചാരവെകണ്ടുചിത്ത—സരോരുഹം
പാരമുൽഫുല്ലമായോർ—

നീരജലോചനങ്ങൾ—പൊഴിക്കുമാ
വീക്ഷണം ധീരശാന്താം
ആനന്ദദം സ്വദിച്ചു—പരിതൃപ്ത
മാനസരായഞങ്ങൾ—

MALAYALAM FFL WORD

കാരുണ്യനിഷ്യന്ദിയാം—അവിടത്തെ
ഗീരുകളോടുചേൎന്ന

രാജഗംഭീരശബ്ദം—മുഴങ്ങുന്ന
കാതുകളാൎന്ന ഞങ്ങൾ—

ഭക്തിഭയവിനയ—ബഹുമാന-
പുഷ്ടചേതസ്സുകളായ്

ക്ഷോണിനാഥ! ദയാബ്ധേ!—തിരുവടി
താണുവണങ്ങിടുന്നു.

വഞ്ചിഭൂഭാരമേവം—അവിടത്തെ
പിഞ്ചുചുമലിലേയ്ക്കായ്

മുൻപുതന്നെവിധിച്ച—ജഗദീശൻ
പിൻപിലുണ്ടാകുമെന്നും.

മാതൃകാജീവിതങ്ങൾ—നയിച്ചൊരു
മാതുലമന്നവന്മാർ

മാൎഗ്ഗദീപങ്ങളായി—ഭവദീയ
മാൎഗ്ഗം തെളിക്കുമെന്നും.

രാജരാജേശ്വരിമാർ—മാതൃമഹാ
റാണിമാരന്തികത്തിൽ

സാദരം വാണരുളി—തിരുമക
ന്നേകുമനുഗ്രഹങ്ങൾ.

ഹേ മഹാരാജ ശ്രീമൻ!—അവിടത്തെ
യോമനക്കൈത്തലത്തിൽ

ഭക്തിവാത്സല്യപൂർവ്വം—സ്വരാജ്യത്തിൻ
ഭാഗ്യമർപ്പിക്കുമെങ്ങൾ,

രാജ്യഭാരശ്രമത്തിൽ—സകലസം-
പൂജ്യനാം തമ്പുരാന്നു്

സാദരം പിൻതുണക്കായ്—നിലകൊള്ളും
വീതവിശ്രാന്തികളായ്.

വഞ്ചിധരേശപദം—യഥാർഹമ-
ലങ്കരിക്കാൻ വരുന്ന

ഭാഗധേയാം ബുരാശേ!—ഉണർത്തുന്നു
സ്വാഗതം ഞങ്ങളെല്ലാം.

ആയുരാരോഗ്യസൌഖ്യ—സമേതനായ്
മാതൃകാഭൂപതിയായ്

വാഴ്കപൊന്നരചൻ!—ചിരകാലം
വാഴ്കവഞ്ചിരാജ്യം!!

KEFI

# "ഗതസെമനാ"തോട്ടത്തിൽ

(മഞ്ജരി)

അന്തിയിലംശുമാൻ ഹന്തവിരക്തിയാൽ
സന്ത്യജിച്ചുള്ള വസുന്ധരയിൽ
പൂതപരിമളപ്രേമകിരണങ്ങൾ
ശീതാംശുവീശിവിദ്യോതിപ്പിക്കെ,
അങ്ങു "ഗതസെമനാ"രാമമാനന്ന്യ
വെൺമതിബിംബം വിളങ്ങുകയായ്
ശാന്തസുവർണ്ണമയൂഖങ്ങൾ തൂകുന്ന
കാന്തപരിവേഷമദ്ധ്യസ്ഥിതൻ.
ഏകാഗ്രമാനസൻ, ശിഷ്യവിയുക്തൻ, ഭൂ--
വാസവിരക്തൻ, വിശുദ്ധശീലൻ;
വാരാശിതാണ്ടിയ പാദയുഗങ്ങളാ-
ലാരാമഭൂതലം ധന്യമാക്കി,
മൃത്യുവശഗരെത്തൊട്ടെഴുന്നേല്പിച്ച
തൃക്കരമോഹന പല്ലവങ്ങൾ
ചാരത്തിയന്നശിലോപരിചേർത്തുമ-
പ്പാരിലൊട്ടാഞ്ഞുതൻ മുട്ടുകുത്തി,
സത്യപ്രകാശസമുജ്ജ്വലനേത്രങ്ങ--
ളല്പമടച്ചു നിമേഷഹീനം
ഉത്തമഭക്തിയോടൂർദ്ധ്വവദനനായ്
ക്രിസ്തുദേവൻ വാണരുളീടുന്നു.

ചൂഴമിഴിഞ്ഞുകിടക്കും ദിവ്യാംബര--
ച്ചോലയിൽ ചന്ദ്രികാകന്ദളങ്ങൾ—
നീണ്ടുചുരുണ്ടുയഥേഷ്ടം വളരുംകാർ-
ക്കുന്തലിലാരാമഗന്ധവാഹൻ—
ചാലെയൊളിച്ചു കളിക്കുന്നതാധ്യാന--
ലോലനശേഷമറിയുന്നില്ല.

*    *    *    *

തെററന്നുതെല്ലു വിറകൊണ്ടു പൂമേനി
മുററും രോമാഞ്ചമിയന്നു ദേവൻ.
ചെററുചുളിഞ്ഞുതേ ചില്ലിയുഗം സ്വേദ--
മുത്തുകളാൎന്നതൻ ഫാലദേശം.
“താതാകഴിവുള്ളപക്ഷ”മെന്നീവിധ--
മേതോമഹത്താം നിവേദനങ്ങൾ
മൎമ്മങ്ങളൊന്നൊന്നായ് ഭേദിച്ചു ചിത്തത്തിൽ
നിന്നഹോമന്ദമായുൽഗളിച്ചു.
തൊണ്ടയിൽ തട്ടിത്തടഞ്ഞുടഞ്ഞായവ
ചുണ്ടുകളല്പമിളക്കിയപ്പോൾ,
ഉദ്യാനവൃക്ഷലതാദികളൊക്കയും
ഉൽക്കണ്ഠപൂണ്ടുനിസ്തോഭംനിന്നു.
വിണ്ണിൽനിന്നാധിവശഗരായ് താരകൾ
കണ്ണുകൾ ചിമ്മിത്തുറിച്ചുനോക്കി.
ഏതാനുംമാത്രകളേവം കഴിഞ്ഞപ്പോൾ
ശ്രീതാവും ദേവനയനങ്ങളിൽ,
മിന്നിത്തിളങ്ങി സഹജമാംകാരുണ്യ--
ബിന്ദുക്കൾ ബാഷ്പവിരചിതങ്ങൾ.

സർവ്വജയിയായ സന്തൃപ്തിഭാവമാ--
ദിവ്യാനനേന്ദുവിൽ നിന്നുമപ്പോൾ
ചിന്തിച്ചുഴലംതൽപ്രാന്ത പ്രദേശങ്ങൾ
ശാന്തിരസത്തിൽ വിലീനമായി.

---

# കൈരളീ സ്തോത്രം

(അന്നനട)

വരികമാതാവെ! വരികകൈരളീ!
വരികമാനിനി! വരപ്രദായിനി!

അരിയനിൻപദം നമിച്ചിടുമെന്നിൽ
കരളലിയണെ കനിയണെദേവി!

മൃദുലകാകളീരചിതസ്വാഗത--
മരുളിടാമിവൾ ഭവതിക്കെപ്പൊഴും

മരന്ദതൃഷിതമനോജ്ഞമഞ്ജരി
തിരുമുൻപിൽവെച്ചു തൊഴുതിടാമിവൾ.

മനംകുളുർപ്പിക്കും മധുരഗാനത്താ--
ലനന്തശാന്തിഞാനണച്ചിടാംതവ.

ഹൃദയാകർഷകനതോന്നതയിലും
കുതുകമാർന്നന്നനടയിലുമിവൾ

അനഘരൂപിണി! നടനംചെയ്തുനിൻ
മനസ്സിനാനന്ദമനല്പമേകിടാം.

ചിലപ്പൊഴാനന്ദമദത്തിനാൽമതി--
മറന്നുഞാൻചെയ്യും രസികൻതുള്ളലിൻ

വിവിധരീതിയിൽ രസിച്ചുതാവക
വദനപങ്കജം സ്മിതാർദ്രമായിടാം.

കളകളകാഞ്ചിമൃദുലശിഞ്ജിതം
മുഴക്കവെ, കേകാരവംതകക്ക്വെ,

ഭവതിയെന്നുടെ സവിധദേശത്തി--
ലെത്തുവിധംവരാതിരിക്കുമംബികെ!

വരികമാതാവേ വരികകൈരളി!
വരികമാനിനി! വരപ്രദായിനി!

അരിയനിൻപദം നമിച്ചിട്ടുമെന്നിൽ
കരളലിയണെകനിയണെ ദേവി!

---

# ഞാൻ.

(കേക)

എത്രയോവട്ടംധരാദേവിതന്നങ്കസ്ഥയായ്
ചിത്രഭാനുവെ ചുററിക്കഴിച്ചേൻ പ്രദക്ഷിണം
താരകാപരീതരായെൻ തലയ്ക്കുമേൽപ്പൂർണ്ണ--
ശീതഭാനുമാന്മാരെക്കണ്ടു ഞാനനേകരെ,
ഉന്നതാദ്രിമേലുദിച്ചുമ്മഹാബ്ധിയിൽ താണ
കർമ്മസാക്ഷികൾ നിത്യം സാക്ഷിയായിരുന്നുഞാൻ,
എങ്കിലുമിതിൻസാരമത്രയുമജ്ഞാതമാ--
ണന്നുശൈശവത്തിലുമിന്നുമിങ്ങൊരുപോലെ.
എങ്ങുനിന്നാണണഞ്ഞു ഞാനിമ്മഹീതലം നില്ലാ--
തെങ്ങുപോകുവോം, അങ്ങോട്ടെന്തിനായ്
ഗമിക്കുവോം
അല്ലലാം തോണിയേറി, തെല്ലുശേഷിച്ചൊരാശാ--
വല്ലിയാം തുഴയേന്തി, മുങ്ങിയുമുയർന്നും ഹാ!
എന്മിഴിനീർച്ചാലുകളൊന്നു ചേർന്നുളവായ
കണ്ണുനീർ കടലല്ലോ താണ്ടിഞാനിതേവരെ.
എൻനെടുംനിശ്വാസത്താലെൻ നൗകമറിഞ്ഞിടാം
എൻതുഴലോലം ബലഹീനമായ്ഭവിച്ചിടാം.
വഞ്ചകൻ കാലാനിലൻ വാഞ്ഛയാ ചമയ്ക്കുന്ന
വൻചുഴിക്കുള്ളിൽ ഹന്ത! പെട്ടുഞാനുഴന്നിടാം.
അപ്പൊഴൊക്കെയും മമ ജീവിതത്തുറുങ്കിന്റെ
കെല്പെഴുമിരുമ്പഴിക്കമ്പികൾക്കിടയ്ക്കൂടെ
ചെററുഞാൻ കണ്ടിട്ടുള്ളസ്വർഗ്ഗസൗഭാഗ്യദീപ്തി--
യക്ഷയം ലക്ഷ്യമാക്കി നിശ്ചലം വസിക്കുവൻ.

# പ്രേമമാഹാത്മ്യം.

(കല്യാണി കളവാണി)

പ്രേമമേ! ചിദാനന്ദസാരമേ! പവിത്രതാ--
ധാമമെ! ജയിക്കനീ ജഗത്രയത്തിൽ.
മാമകമാതൃഗർഭപാവനക്ഷേത്രത്തിലെൻ
ജീവനുതുണയായ് നീ പിറന്നിതാദ്യം.
തൊട്ടിലിൽ മൃദുകരാംഗുഷ്ഠവും നുകൎന്നുവെൺ--
പട്ടുമെത്തയിൽ കിടന്നുറങ്ങുമ്പോഴും—
പിഞ്ചുകാൽ കുടഞ്ഞുമാച്ചുണ്ടുകൾ പിളുത്തിയും
വഞ്ചനയെഴാതെഞാൻ കരയുമ്പോഴും—
എൻമുഖമുകുരത്തിലുണ്മയാനിഴലിച്ച
നിന്നെയെൻ ജനനിതാനറിഞ്ഞിരിക്കാം.
അങ്കണംതോറും ലീലാ ലോലയായ് വിഹരിച്ച
എൻകഴലണിമണിക്കിലുക്കങ്ങളിൽ—
ആലയപരിസരമാകവെ കുളിൎക്കമാ--
റാകണ്ഠമാലാപിച്ചകളഗാനത്തിൽ—
പേരെഴും തവസാരമാധുരിപെരുത്തുവാൻ
സാവധാനമന്നു നീ തുനിഞ്ഞിരിക്കാം.
നിൎമ്മലവികാരസൂബിംബിതമുഖം മാതൃ--
ചുംബിതാഞ്ചിത മാമ്പോളധരങ്ങളിൽ—
കങ്കണാമണിക്കര പങ്കജം ജഗന്നാഥ--
ചിന്തയാതൊഴുമ്പോഴാനയനങ്ങളിൽ—
താവകം ജഗന്മനോ മോഹനരൂപാങ്കുരം

നീബഹിർലോകങ്ങൾക്കു സുദൃശ്യമാക്കി.
പിന്നെ നീ വിരിയാത്തൊരെൻ മനഃപ്രസൂനത്തിൽ
ധന്യമാംമരന്ദമായ് മറഞ്ഞുവാണു.
എന്നിലെ ലയിച്ചുതാനിന്നലെയോളം നിന്ന
നിന്നെ ഞാനിതേവരെയറിഞ്ഞതില്ല.
ഇന്നിതാദിവ്യാകരദിവ്യകാന്തി കണ്ടുളം
എന്നിലുംകൊളുത്തിയൊരനർഘദീപം.
മോഹമല്ലതു, വെറുംരാഗവുമല്ല, സ്വാർത്ഥ--
ദേവതവിളയാട്ടും പ്രണയമല്ല;
നാകവും ഭൂലോകവുമേകമായ് ഘടിപ്പിക്കും
പ്രേമമേ! യറിഞ്ഞു ഞാൻ തവമഹത്വം.
പൂവിലും തളിരിലുമൂഴിയിലിവകാണും
ഭാവനാവിലോലം നിൻവിശിഷ്ടരൂപം.
വെണ്മയേറുന്നശരന്നിമ്നഗാകൃതം നവ--
മമ്മരമെനിക്കുനിൻ മധുരഗാനം.
വൻതിരതല്ലും കടൽത്തന്നടിത്തട്ടിൽ തവ
ശാന്തതനിരന്തരം കുടികൊള്ളുന്നു.
ചേതനാചേതനങ്ങൾക്കാകവെ ജീവൻ, ദിന--
നാഥനായ്നിന്നു, നീതാനരുളിടുന്നു.
പൂനിലാവുലാവിന ശാരദനിശകളിൽ
നീഹിമകിരണനായുദിച്ചിടുന്നു.
വേദസാരമേ! നിന്നെയാദരണീയരാകും
വേദവേദാന്തവേദ്യർ ഭജിച്ചിടുന്നു.
കാന്താരമമ്മം പൂകിതാന്തരായേകാന്തരായ്
ശാന്തരാം മുനിവരർതിരവൂനിന്നെ.

ഭക്തി,വാത്സല്യം,സ്നേഹം,സ്നിഗ്ദ്ധമാം സൌഹാർദ്ദമീ,
മുഗ്ദ്ധഭാവങ്ങൾ നിന്നിലടങ്ങിടുന്നു.
അന്നമാമരക്രൂശിൽ സുന്ദരകളേബരം
നിർമ്മമൻത്യജിച്ചതും നിനക്കുവേണ്ടി.
ഫൽഗുതീരത്തിലരയാൽ തറതന്നിലന്നു
ബുദ്ധദേവനംനിന്നിൽ ലയിച്ചിരുന്നു
ഓമനമുരളിയിൽ രാധികാനായകൻ ഗോ--
പാലനാലാപിച്ചതും ഭവൽപ്രഭാവം.
ആഗമപ്പൊരുളും നീ, യാനന്ദമധുവും നീ,
ആദിയായനാദിയായ് ജയിപ്പതും നീ.
മണ്ണിനെവിണ്ണാക്കുന്ന മഞ്ജുളപ്രദീപമെ!
സുന്ദരസുകുമാരസ്വരൂപമെ! നീ.
സന്തതം വിളങ്ങുകെൻസ്വാന്തമാം വിഹായസ്സിൽ
വെൺകുളിർക്കതിർതൂകും ശശാങ്കനായി.

---

# ഭരതാവനി.

---

പുലരിപ്പൂതുമലരങ്ങനെ വിരിയുന്നളവൊപ്പം
നളിനായത നയനങ്ങൾ തുറന്നെന്നുണരുള്ളം
കളകോകിലമൃദുകൂജനനവഗീതികൾ വഴിയേ
ഭരതാവനി, പരിപാവനി, വരയോഗിനിദേവി.

പുലർവേളയിലിവളിൽ പരമലിവാർന്നഥനിദ്രാ-
ക്ലമമൊക്കെയകററിപ്പുതുബലവും ചിരസുഖവും
സുമഗന്ധമിണങ്ങും മൃദുപവനൻ വഴിയായി
ജഗദംബിക ഭവികാത്മികയരുളുന്നിതു നിത്യം

കതിരോന്റെ പരിശോഭിതകരവല്ലികൾനീട്ടി
തുടരേണ്ടൊരു ശുഭപദ്ധതിസദയം തെളിയിപ്പൂ
കരുണാകരനഖിലേശപരനരുണോദയസമയം
പരമെന്തതിലപരം വരമിനിഞ്ഞാനിയലേണം.

തടിനീകുല, മതിശീതളജലമജ്ജനവിധിയാൽ
ശുചിയും നവസുഖവും മമതനുവിന്നരുളാനായ്
സ്ഫടികാഭമുഷസ്സിൽസ്സ്രുതിതുടരുന്നിതുമെല്ലെ
കുളിർനീരണിരുചിരാംഗികൾ ഭരതോർവ്വിയിലെങ്ങും.

അഴകേറുമൊരമലാമൃതകലശാവലിയേന്തും
ധരണീതലമണികല്പകതരുജാലമിണങ്ങി
മധുവൂറിന കദളീമുഖഫലദായകിയായി
വിലസുന്നിതുസതതം മമ വരകേരളധാത്രി.

സുമപല്ലവകീർണ്ണം മൃദുതൃണസങ്കുലദേശം
അണിഗുല്മലതാപാദപസഹിതം ഹരിതാഭം
സുഖദായക മതിമോഹനസുമവാടികളെങ്ങും
അരുളുന്നിതു് ചിരമൻപൊടു മമ വിശ്രമസൌഖ്യം

കുളിരമ്പിളിചൊരിയുന്നനറും പാൽക്കതിർന്തലാൽ
വിരചിച്ച വിചിത്രാഞ്ചിത മൃദുശയ്യയിലെന്നെ
അഴലാററിയുറക്കുന്നൊരു ചെറുപൈതലിനെപ്പോൽ
നിശയാകിയ തരുണീമണി, കരുണാവതി,യെന്നും.

ആഡംബരഹീനം ദൃഢമാതങ്കവിഹീനം
ആരോഗ്യകരം പാവനമിജ്ജീവിതരീതി
നീണാൾനിജമക്കൾക്കരുളീടും ഭരതോർവ്വി
പേരാർന്നുലസിപ്പൂ ചിരകാലം വിജയിപ്പൂ.

വഞ്ചിതൻചെങ്കോലണിപ്പിഞ്ചുതൃക്കരങ്ങളെ--
ക്കൊണ്ടുമാതുലഗളമലങ്കരിപ്പോർ,
സന്തതംമാതാമഹിതൻ മടിത്തട്ടിൽ കിളി--
ക്കൊഞ്ചലാന്നെഴന്നെള്ളിക്കളിച്ചിടുന്നോർ,
പൊൻമണിക്കിടാങ്ങളാൽ, വഞ്ചിവംശവദ്ധിനി
സന്താനവല്ലിയനുഗൃഹീതയാക!!
ദ്വാരകാപുരിയിലാവാരിജേക്ഷണനൊത്തു
നീരിൽത്താർമകൾപോലെ, മനോഹരാംഗി
വാഴ്കവാഴ്കചിരം ശ്രീലക്ഷ്മീബായിറാണി
വാഴ്ക സുചിരം ശ്രീസുമംഗലിയായ്!!

# ശാശ്വതപ്രശ്നം

(ഗുണമേറും ഭര്‍ത്താവേമാമുനിഗ്ര)

എവിടമെവിടമെന്‍ ജന്മദേശം?
എവിടെന്നരുവിപോലിങ്ങണഞ്ഞു?
ഇവിടെ നിന്നിന്നിമര്‍ത്ത്യര്‍പോല്‍ഞാ--
നെവിടേക്കുവേഗം പോകയാവാം?

ഒരുനാളമൃത്തരമോതിടുവാ--
നരുതാത്തൊരാവക ചിന്തകളാല്‍
ഉഴലാഴ്‌വതിന്നു ചിത്തൃക്തിനമ്മെ
മകരന്ദമേകി മയക്കിടുന്നു.

ഉടലാകുമിപ്പുഴക്കൂട്ടകച്ചാ
വിയദാലയത്തില്‍ വിമുക്തരായി
വിഹരിക്കുവാന്‍ നമുക്കാകുമെങ്കില്‍
ഇതിലിന്നിവാഴ്‌വതയോഗ്യമല്ലേ.

അഥവാമരണസാമ്രാജ്യമെത്താന്‍
നടകൊള്ളും "പാദുഷ" വിശ്രമിക്കും
അരിയക്കൂടാരമിതാപ്പ്രഭുവേര്‍--
പിരിയുമ്പൊഴന്യന്നായ് സജ്ജമാകും.

പലനാളനന്തരജീവിതത്തിന്‍
ഗതിതെല്ലറിവാനദൃശ്യതയില്‍

ഉഴറിയെന്നാത്മാവണഞ്ഞരുളി
നരകനാകങ്ങൾ ഞാൻ തന്നെയെന്നായ്.

ദിനരാത്രനിർമ്മിതമീശ്വരൻെറ
ചതുരംഗത്തട്ടിൽ കരുക്കളായി
മരുവുന്നനാം പിന്നെയൊന്നൊന്നായി
ഉടനുടൻ വെട്ടിനീക്കപ്പെട്ടുന്നു.

പന്തിൻെറസ്വന്തഹിതാഹിതങ്ങൾ
ചിന്തിപ്പതില്ലകളിച്ചിടുന്നോൻ
അദ്ദേഹം—അദ്ദേഹം--നിന്നെയെവം
ഇട്ടിക്കിലേയ്ക്കൂട്ടത്താണെത്തറിഞ്ഞോൻ
അദ്ദേഹം മാത്രമിതിൻെറയെല്ലാം
ഉദ്ദേശം നന്നായറിഞ്ഞിടുന്നു.

എഴുതിയെഴുതി മുന്നോട്ടുപോകു--
ന്നനിശം നിയതിതൻതൂലികാഗ്രം.
നിയതം നിൻഭക്തിയോയുക്തിയോയി.
ന്നതിലൊററവാക്കുമഴിക്കയില്ല.
ഒരുവർണ്ണംപോലും നിൻകണ്ണുനീരാൽ
കഴുകിക്കളവാൻ കഴികയില്ല.

മധുമാസം പൂവൊത്തുപോയ്മറയു--
ന്നതികാമ്യയൗവ്വനശ്രീനശിപ്പൂ.
മൃദുഗാനമധുരിമാകന്ദത്തിൻ
മുകളിൽവന്നല്പനേരം പൊഴിച്ചു

പരഭൃതമെപ്പൊഴെങ്ങെന്തിനായി
വിരവിൽ പറന്നുപോയാരറിഞ്ഞു.

ഹൃദയേശ്വരി! വിധിനമ്മൊടേററം
അനുഭാവമാൎന്നു സഹകരിക്കിൽ
ഇടരററു നമ്മൾംഹിതാനുസാരം
പുതിയോരുലോകം ചമയ്ക്കയില്ലേ.

അഴകാൎന്നവള്ളിക്കുടിലിനുള്ളിൽ
കദളീഫലവും നറും മധുവും
ഒരുനല്ലകാവ്യവും ഗായകിനി--
യരികേയുമോമനേ! സ്വൎഗ്ഗമല്ലോ.

---

# അതിൻെറ ശിക്ഷ

(ഓമനക്കുട്ടൻ ഗോവിന്ദൻ)

ഓമനതൻ ഹൃദയചോരണം
ഞാനറിയാതെ ചെയ്കയാൽ
തൻമനം സുമസുന്ദരംതേടി
യന്നഹോനവരാഗിണി,
താരകാവലി ചൂഴുമംബര-
മാകവേനീളെനോക്കിനാൾ
ഓട്ടം കാർമുകിൽ മാലതന്നാരാൽ
കൂടിനാളെൻെറ കണ്മണി.
പൂനിലാത്തിരികത്തിക്കാൻ സോമ-
ദേവനോടിരന്നോമലാൾ,
ആസരത്തിരമാന്ന താമര-
പ്പൂവിനോട്ടു മാരാഞ്ഞവൾ
തുള്ളിയോട്ടമരുവിയോടൊത്തു
തെല്ലുദൂരം നടന്നവൾ.
വൻകടൽക്കരെനിന്നലകളെ
ശങ്കയോടുനിരീക്ഷിച്ചാൾ
മന്ദമാരുതദേവനെ തടു-
ത്തൊന്നുമെല്ലെനിറുത്തിനാൾ.
അങ്കണത്തിൽ പറന്നണഞ്ഞൊരു
പൈങ്കിളിയൊട്ടും ചോദിച്ചാൾ

*　　*　　*　　*

ഇന്നുഞാൻ കുററസമ്മതത്തൊട--
മ്മുന്നിലെത്തിയമാത്രയിൽ,
മണ്ണുവിണ്ണുകളം മന്ദസ്മേരം പൂ--
ണ്ടെന്നുടെ ചേതോഹാരിണി,
പ്രേമശാലിനി, ശിക്ഷയായെനി--
ക്കേകിനാളൊരുചുംബനം.

---

# കാശ്യപാശ്രമത്തിലെ ശകുന്തള.

---

യതികണ്വജനങ്ങളും ക്ഷമാ--
പതി ദുഷ്ഷന്തനമന്നനിർദ്ദയം
ഹതഭാഗ്യവശാൽ ത്യജിച്ചൊരാ
സതിമാർ മാലികയാം ശകുന്തള, 1

പതിദേവതകാശ്യപാശ്രമം
മരുവുന്നാളിലൊരന്തിവേളയിൽ
ഹരിബാലസഖാവുമൊത്തുത--
ന്നരുമക്കുഞ്ഞുമകൻ കളിക്കവെ, 2

വിരഹാതപമല്പമാററുവാൻ
ചെറുമന്ദാനിലനററബന്ധുവായ്
കരുതി തരുമൂലമൊന്നണ--
ഞ്ഞതിചിന്താവശയായ് വിയോഗിനി. 3

ഹൃദയേശനെയോർത്തമാത്രയിൽ
ചുടുനീർത്തുള്ളിനിറഞ്ഞ കണ്ണുകൾ
ഒരുമട്ടിലുയർത്തി വാനിലേ--
യ്ക്കതിരററുള്ള നിരാശയോടവൾ. 4

പതിവിൻപടി ശൂന്യമായവിൺ--
തലമന്നും നിജദാരുണസ്ഥിതി
അൻകമ്പയെഴാതെ കാണ്മതാ--
യവൾ ചിന്തിച്ചുസലജ്ജമോതിനാൾ. 5

“അതിവിസ്തൃതമായ വാനമെൻ
മുകളിൽ ഭീകരമൂകഭാഷയിൽ
ഹതദൈവയെ—യെന്നൊ—നോക്കി നി--
ഷ്ഠൂപമീമട്ടിലലംഹസിക്കയോ? 6

പരിഹാസരവത്തിൽ മുന്നിലാ--
യലയാംഭോനിധിതന്നിരമ്പലാൽ
വിരഹാർത്തയെയെന്നൊയിത്രമേൽ
നിതരാം നിന്നാഹസംശയിക്കയൊ? 7

പരമാർത്ഥമറിഞ്ഞിടാതെയെൻ
ചുഴലംഹന്ത! പറന്നു പത്രികൾ
ഹൃത ചിത്തയെയെന്നെ യേഷണി -
ക്കിരയായ്ത്തീർത്തുപരം ദൂഷിക്കയൊ? 8

തരുവല്ലികൾ, ശൈശവത്തിലെൻ
സഹവാസത്തിലലംസുഖിച്ചവർ,
മമദർശനമാത്രയിൽസ്വയം
തലതാഴ്ത്തിട്ടുമനാദരിക്കയൊ? 9

അപരാധിനിയല്ലയെങ്കിലും
പതിയാൽത്ത്യക്തയിവൾ ശകുന്തള
ഇതിചിന്തയൊടാപ്തമിത്രമാ-
മനിലൻ മാമണയാതിരിക്കയോ!” 10

ഒരുകൊച്ചുലതാഗ്രമത്തളിർ-
ത്തനതാൻപാണിതലത്തിലേന്തിയും
അപരംദ്രുമമൊന്നിലശ്രുവാ-
ർന്നൊരുകൈ കണ്ണിനചേർത്തുമോമലാൾ. 11

നിജജീവിതനാടകത്തിലെ
പ്രഥമാങ്കം പരിശുദ്ധസുന്ദരം
അഥകണ്വതനൂജതൻ സ്മൃതി-
ക്കടിയിൽചെന്നു തുറന്നുനോക്കിനാൾ. 12

"ഹൃദയേശ്വര! കാട്ടുവല്ലികൾ-
ക്കിടയിൽകൊച്ചു ലതാസമാനഞാൻ
സസുഖം വളരുന്നകാലമെ-
-ന്നരികത്താന്നു ഭവാൻ സുരദ്രുപോൽ. 13

അകളങ്കശകുന്തസോദര-
ക്കരികേവാണവളീശകുന്തള
മുനികന്യക ഞാൻ സ്വയം സമ-
ർപ്പിതയായന്നുഭവൽ പദാന്തികം. 14

ചതിലേശമെഴാത്ത താപസോ-
ത്തമരാൽ ശിക്ഷിത ബാലയന്നുഞാൻ
തവവിസ്തൃതമാറിടത്തിലെൻ
തലചായ്ച്ചേനനുരാഗപൂർണ്ണയായ്. 15

പരമെന്തിനർപ്പുശേഷമാ--
ശ്രവണാരുന്തുദവാർത്തയിന്നിഞാൻ
ഇവൾ ദുർഭഗ, കാന്തനാൽ ബഹി-
ഷ്കൃതയായ് സ്വന്തജനങ്ങളാലുമെ. 16

'ജഗദീശ്വര! താതകാശ്യപാ!
സഖിമാരെ! മുനിസോദരങ്ങളെ!
'വനകൌമുദി' വാഴുമാത്തപോ--
വനമേ! ശൈശവമിത്രവൃന്ദമേ! 17

ഇതുനാൾവരെയാർക്കുവേണ്ടിയീ
വിരഹാഗ്നിക്കിരയായ്ക്കഴിച്ചു ഞാൻ?
അരുളേണമവന്നു ഭവ്യമെ-
ന്നരുമക്കുഞ്ഞിനു നിങ്ങളേവരും. 18

അവനെജ്ജനകന്റെ കൈകളാൽ
പരിലാളിപ്പതുകണ്ടുതുഷ്ടയായ്
ദുരിതങ്ങളെഴാത്ത പുണ്യനാ--
ടണയാൻ നൾകുകെനിക്കനുഗ്രഹം." 19

നിജഹസ്തതലങ്ങൾ കൂപ്പിയ--
ങ്ങഥദുഷ്ഷന്തഹൃദന്തഹാരിണി
നിമിഷങ്ങൾ കഴിച്ചു മൂന്നനാ--
ളതിപുണ്യാത്മികനിന്നിമേഷയായ്. 20

“മകനിതജനകാന്വിതൻ കൃതാർത്ഥൻ
വരികയിതോഴി! ശകുന്തളേ! സനാഥേ?”
ഇതിശുഭമൊഴിയോതി യോമലാൾതൻ
സവിധമണഞ്ഞുമകൻെറ ധാത്രിയപ്പോൾ 21

---

# “ചാത്ത.”

(കേക)

“എന്മകൻകരയാതെ നില്ക്കണേ തിരിച്ചുഞാൻ
വന്നിടുംവരെ”യെന്നു ഗദ്ഗദാക്ഷരങ്ങളിൽ
ഒന്നരവയസ്സുള്ളോരുണ്ണിയോടുരചെയ്തു
കണ്ണുനീരൊഴുകുന്ന പൈതലിൻ കപോലത്തിൽ
ഒന്നുചുംബിച്ചു, വേഗംപിന്തിരിഞ്ഞൊരുമട്ടി--
ലമ്മയാം “ചാത്ത” വീടുംകൂട്ടുമില്ലാത്തപാവം.
പുലയി, നിരാലംബ, ദാരിദ്ര്യാർണ്ണവത്തിൽവീ--
ണലയുന്നവൾ, ഹന്ത! രോഗിണി, യനന്തരം,
ആതുരാലയം ലക്ഷ്യമാക്കിഹാ! ശേഷിച്ചുള്ള
ജീവിതാശയാൽ നടന്നിടിനാൾ പതുക്കവെ.
തെല്ലിടനടന്നിട്ടും വീണുപോംതളർന്നുടൻ
മെല്ലവെയെഴുന്നേല്ക്കും പിന്നെയും നടന്നിടും
കിതയ്ക്കും, കണ്ണീർതൂകു, മീവിധം മുന്നോട്ടേയ്ക്കു
ഗമിക്കും ഗതിയറ്റ പാവമാം സഹജയെ
ദാരിദ്ര്യമായൊരസ്ഥികൊണ്ടഹോ പണിചെയ്തു
പാരിച്ചനിരാശ്രയത്തോലിനാൽ പൊതിഞ്ഞുള്ള
രൂപത്തെ—യിന്നുകാണുന്നില്ലപോൽ—അവൾ ‘നല്ല
കാലത്തു’ വേലചെയ്തുപോറ്റിയതമ്പുരാക്കൾ.

*      *      *      *

മൂന്നുനാളുകൾതികച്ചില്ലപോൽ ഭുവിൽപിന്നെ
മന്ദഭാഗ്യയാം "ചാത്ത" ദുസ്സഹംദയാവഹം.
ധമ്മരാജ്യമെ! നിന്നിലെത്രപേരിതേവിധം
ദുർമൃതിയടയുന്നു ദാരിദ്ര്യം നിമിത്തമായ്,
പങ്കതൻ കാററുമേററുരമ്യഹർമ്മ്യത്തിൽമണി--
മഞ്ചത്തിൽ ശയിക്കുന്ന 'തമ്പുരാക്കളെ' നിങ്ങൾ
എന്തയേകൺതുറന്നുനോക്കിടാത്തതീവിധം
സ്വന്തസോദരർനിരാധാരരായ് വലയുമ്പോൾ
പട്ടിണിക്കാരായ് തെരുവീഥിയിൽകിടന്നുഹാ!
മൃത്യുഗഹ്വരത്തിലേയ്ക്കാണ്ടിടുമനാഥരിൽ
എന്നു കാരുണ്യമുണ്ടാംധർമ്മരാജ്യമെ! നിന--
ക്കന്നെതാൻ നിൻെറ നാമമത്ഥവത്തായിത്തീരും.

---

# ശാശ്വതശാന്തി

(ദ്രുതകാകളി)

അന്നു കാനനമാമരശാഖയിൽ
നിന്നുവാനിടം നോക്കിപ്പറന്ന ഞാൻ,
ഇന്നിതാ ചെറുപഞ്ജരമൊന്നിലെൻ
ജന്മമീവിധം പോകുന്നൊരുവിധം.
വേലയല്ലും പകലുമെനിക്കെല്ലാ--
ക്കാലവും ഹാ! കവാടംതിരക്കയാം
പ്രാണനുള്ളിലിരിക്കുക കൊണ്ടുതാൻ
ഞാനമിങ്ങനെശ്വാസം കഴിക്കുന്നു.
ശ്വാസനിശ്വാസം ചെയ്യുന്നവേളയിൽ
ഞാനറിയാതെ പാടിയും പോകുന്നു
ദിനദീനയാമെന്നുടെയീദൃശ--
ഗാനങ്ങൾക്കുവിഷയീഭവിപ്പവ,
മേലിലപ്രാപ്യമായ മനോഹര--
നീലവിണ്ണുമീ യേകാന്തദുഃഖവും.
ഏകദാകാരാഗാരകവാടവി;-
പാടനം ദൃഢമുണ്ടാമെനിക്കായി
മോക്ഷമാന്ന സ്വാതന്ത്ര്യയായ് തീരും ഞാൻ
പക്ഷെ മാവുകില്ലന്നു പറക്കുവാൻ.
എന്നിരിക്കിലുമാത്മീയപക്ഷങ്ങൾ
മന്ദമന്ദം വിരിച്ചുദ്ഭവിട്ടുഞാൻ
ഞാൺവലിക്കവെപായുന്നൊരമ്പുപോൽ—

വിൺതലം വിട്ടുവീഴുന്നതാരപോൽ—
ആഞ്ഞുയൎന്നു പറന്നിടും സന്താപം
മാഞ്ഞുമോദം നിറഞ്ഞമനസ്സോടും.
നിത്യനിൎമ്മലദീപ്തിയെഴും ദിവ്യ
സത്യഭാസ്സിന്നടുത്തടുത്തെത്തുമ്പോൾ
പാടുമാനന്ദഗാനം ഞാനാദരം
ആത്മമനോജ്ഞമാലാപിക്കാത്തപോൽ.
ദത്തകൎണ്ണരായ്ഗാനം നിറുത്തിയാ
സ്വൎഗ്ഗഗായകർനില്ക്കും സവിസ്മയം.
ശങ്കയെന്ന്യേ പറന്നണയുന്നൊരെൻ
മുൻപിൽവീണുവണങ്ങിടും ദേവകൾ
നാകമാകവെനിസ്തബ്ധമാക്കിയെൻ
ഗാനമാധുരിയീശൻ സ്വദിക്കവെ.
ഞാനനാമയമദ്ദിവ്യപാദത്തിൽ
വീണണത്തിക്കും സങ്കടമൊക്കെയും.
മെല്ലെയെന്മെയ് തലോടും തൃക്കൈ, കണ്ണീർ
തെല്ലുതൂകും തിരുമിഴിത്താരിണ.
പൊൽക്കരങ്ങളിലെന്നെയെടുത്തഥ
ചിൽപുമാൻ തിരുമാറോടണച്ചിടും.
അപ്പോഴുള്ളിലെദ്ദിവ്യരഹസ്യങ്ങൾ
സത്യതത്വങ്ങളൊന്നൊഴിയാതെ ഞാൻ
കാണുമച്ഛസ്ഫടികത്തിലെന്നപോൽ.
ലീനയാകുമാശാശ്വത ശാന്തിയിൽ.

---

3600
E 538

# കാവ്യകൌമുദി.

കൂത്താട്ടുകുളം മേരിജോൺ.

Mary John

Malayalam Daily News Book Depot,
KOTTAYAM.

1110.

Mary John

*All Rights Reserved.*

[വില അണ 6.

Indic Digital Archive Foundation
gpura.org